SN – 094

27

**III Semester B.A./B.Sc./B.C.A./B.Sc.(FAD)/B.Com./B.B.M./B.H.M. Examination, Nov./Dec. 2014**
**(Freshers + Repeaters) (2011-12 and Onwards)**
**MALAYALAM LANGUAGE (Paper – III)**

ST. CLARET COLLEGE LIBRARY

Time : 3 Hours                                                                 Max. Marks : 90/100

***Instructions :*** *1) **100** marks for the students admitted during **2012-13 only** (**Freshers**).*
*2) **90** marks for the students admitted prior to **2012-13** (**Repeaters**).*
*3) Question No. **VII only** for the **freshers**.*

I. ഏതെങ്കിലും **നാലെണ്ണം** വ്യാഖ്യാനിക്കുക : **(4×5=20)**

1) 'ഓർമ്മകളുണ്ടായിരിക്കണം, അല്ലെങ്കി –
ലാതിര വരുന്നുവെന്നെങ്ങനെയറിഞ്ഞു നാം ?' – കവിയുടെ സ്വപ്നങ്ങൾ വിവരിക്കുക.

2) 'നാടു നാടായ് നിലനില്ക്കണമെങ്കിലോ
കാടു വളർത്തുവിൻ നാട്ടാരേ !' – കാടു വളർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കവി പറയാൻ കാരണമെന്ത് ? വ്യക്തമാക്കുക.

3) 'ജലപാനം കഴിക്കുന്നില്ലെഴുത്തച്ഛൻ
ഉറങ്ങുന്നില്ലെഴുത്തച്ഛൻ' – ഈ വരികളുടെ ആശയം വ്യക്തമാക്കുക.

4) 'ഭീതിയും, ഭാരവും – കുട്ടിയുടെ സ്വഭാവ രൂപീകരണത്തിൽ ഒരു പ്രധാന പങ്കു വഹിക്കുന്നു' – വ്യക്തമാക്കുക.

5) 'കർമ്മോന്മുഖികളായ മനുഷ്യസ്നേഹികളെയാണ് സമൂഹത്തിന് ആവശ്യം'
– വ്യക്തമാക്കുക.

II. a) ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (**ഒന്നര**പുറത്തിൽ കവിയാതെ). **(2×6=12)**

1) 'കാടിന്റെ വിളി' എന്ന കവിതയിലെ പരാമർശങ്ങൾ എന്തെല്ലാം ?

2) സഫലമീയാത്രയിലെ കവിയുടെ ഓർമ്മകൾ ചുരുക്കി വിവരിക്കുക.

3) ഉത്സവപ്പറമ്പിന്റെ ദൃശ്യം വളരെ മനോഹരമായി വർണ്ണിക്കുന്നതിൽ കവി വിജയിച്ചിരിക്കുന്നു – 'സഹ്യന്റെ മകൻ' എന്ന കവിതയെ ആസ്പദമാക്കി വ്യക്തമാക്കുക.

P.T.O.

b) ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (**ഒന്നര**പുറത്തിൽ കവിയാതെ). **(2x6=12)**

1) വിശ്വാസങ്ങളും മുൻവിധികളും – സ്വഭാവരൂപീകരണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ് – വ്യക്തമാക്കുക.

2) സ്വഭാവരൂപീകരണപ്രക്രിയയിൽ മാതാപിതാക്കൾക്കുള്ള സ്വാധീനം വ്യക്തമാക്കുക.

3) ഇംഗ്ലീഷ് പഠിക്കേണ്ടതില്ല എന്നു വാദിക്കുന്നവരുടെ പക്ഷങ്ങൾ എന്തെല്ലാം ?

III. ഏതെങ്കിലും **ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക (**മൂന്നു** പുറത്തിൽ കവിയാതെ). **(1x15=15)**

1) 'എഴുത്തച്ഛൻ കൃതികൾക്കുള്ള ഒരു നിരൂപണമാണ് ' 'എഴുത്തച്ഛനെഴുതുമ്പോൾ' എന്ന കവിത – വ്യക്തമാക്കുക.

2) 'തീർത്ഥാടനം നമ്മെ ഒരുമയിലേയ്ക്ക് നയിക്കുന്നു' – 'കാടിന്റെ വിളി'യെ അടിസ്ഥാനമാക്കി വിവരിക്കുക.

IV. ഏതെങ്കിലും **ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക (**മൂന്നു** പുറത്തിൽ കവിയാതെ). **(1x15=15)**

1) 'സമൂഹത്തിന്റെ തകർച്ചയെ വെളിവാക്കുന്ന ഒരു കൃതിയാണ് ', 'നാളേയ്ക്കുവേണ്ടി ഒരു നിലവിളി' – വ്യക്തമാക്കുക.

2) ലോകത്തിലെ അക്രമങ്ങൾക്ക് കാരണമെന്തെല്ലാം ?

V. ആശയം വ്യക്തമാക്കുക (**ഒന്നിന്** ഉത്തരമെഴുതുക). **6**

1) ശ്രീഭൂവിലസ്ഥിര-മസംശയ മിന്നു നിന്റെ
യാഭൂതിയെങ്ങു പുനരിങ്ങു കിടപ്പിതോർത്താൽ.

2) 'സമ്പത്തുകാലത്തു തൈ പത്തുവച്ചാൽ, ആപത്തുകാലത്തു കാ പത്തു തിന്നാം'.

VI. **ഒരു** വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. **10**

1) മതവും മനുഷ്യനും.

2) മാധ്യമങ്ങളും സമൂഹവും.

VII. **ഒരു** നിവേദനം തയ്യാറാക്കുക. **10**

തട്ടിപ്പറി സർവ്വസാധാരണമായി തീർന്നിരിക്കുന്നവസരത്തിൽ അതിനെ എങ്ങനെ നിയന്ത്രിക്കാമെന്ന് ചിന്തിച്ചുകൊണ്ട് ഒരു നിവേദനം തയ്യാറാക്കുക.

---